"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വിനോദസഞ്ചാര വകുപ്പ്-കൊല്ലം ജില്ലയിലെ ശക്തികുളങ്ങര ശ്രീ ധർമ്മ ശാസ്താ ക്ഷേത്രം ഉത്സവം-2026 (ജനുവരി 27-ഫെബ്രുവരി 5) ധനസഹായം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വിനോദസഞ്ചാര (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.151/2026/TSM തീയതി,തിരുവനന്തപുരം, 06-03-2026

---

പരാമർശം:- 1. ശ്രീ ധർമ്മ ശാസ്താ ക്ഷേത്രം കരദേവസ്വം കമ്മിറ്റി സെക്രട്ടറി സമർപ്പിച്ച 19.01.2026 തീയതിയിലെ അപേക്ഷ.

2. വിനോദസഞ്ചാര വകുപ്പ് ഡയറക്ടറുടെ 31-01-2026 തീയതിയിലെ DOT/243/2026-M1 നമ്പർ കത്ത്.

**ഉത്തരവ്**

കൊല്ലം ജില്ലയിലെ ശക്തികുളങ്ങര ശ്രീ ധർമ്മ ശാസ്താ ക്ഷേത്രത്തിലെ 2026 വർഷത്തെ ഉത്സവവുമായി ബന്ധപ്പെട്ട് ധനസഹായം ആവശ്യപ്പെട്ടുകൊണ്ട് ശ്രീ ധർമ്മ ശാസ്താ ക്ഷേത്രം കരദേവസ്വം കമ്മിറ്റി സെക്രട്ടറി പരാമർശം(1) പ്രകാരം സമർപ്പിച്ച അപേക്ഷ, വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ പരാമർശം(2) പ്രകാരം സർക്കാരിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിരിക്കുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2026 ജനുവരി 27 മുതൽ ഫെബ്രുവരി 5 വരെയുള്ള തീയതികളിൽ സംഘടിപ്പിച്ച കൊല്ലം ജില്ലയിലെ ശക്തികുളങ്ങര ശ്രീ ധർമ്മ ശാസ്താ ക്ഷേത്ര ഉത്സവത്തിന് ***,3452-80-104-98-00-34-03 പിവി-മാർക്കറ്റിംഗ്*** എന്ന ശീർഷകത്തിൽ നിന്നും, ₹ 50,000/-രൂപ (അൻപതിനായിരം രൂപ മാത്രം) ധനസഹായം അനുവദിക്കുന്നതിന് വിനോദസഞ്ചാര വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

3) ധനസഹായമായി അനുവദിച്ച തുകയുടെ ഓഡിറ്റ് ചെയ്ത വിനിയോഗ സർട്ടിഫിക്കറ്റ്, തുക കൈപ്പറ്റിയ തീയതി മുതൽ മൂന്നു മാസത്തിനകം ശക്തികുളങ്ങര ശ്രീ ധർമ്മശാസ്താ ക്ഷേത്രം കരദേവസ്വം കമ്മിറ്റി സെക്രട്ടറി വിനോദസഞ്ചാര വകുപ്പ് ഡയറക്ടർക്ക് സമർപ്പിക്കേണ്ടതും, അതിന്റെ ആധികാരികത വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ ഉറപ്പ് വരുത്തേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡി.ജഗദീഷ്
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, വിനോദ സഞ്ചാര വകുപ്പ്, പാർക്ക് വ്യൂ തിരുവനന്തപുരം
ശക്തികുളങ്ങര ശ്രീ ധർമ്മശാസ്താ ക്ഷേത്രം കരദേവസ്വം കമ്മിറ്റി സെക്രട്ടറി (വിനോദ സഞ്ചാര വകുപ്പ് ഡയറക്ടർ, മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് 1 / ഓഡിറ്റ് II ) കേരള, തിരുവനന്തപുരം
സബ് ട്രഷറി ഓഫീസർ, വെള്ളയമ്പലം സബ് ട്രഷറി, തിരുവനന്തപുരം
വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധികരിക്കുന്നതിന്)
കരുതൽ ഫയൽ /ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by Archana T
Date: 06-03-2026 15:22:56
സെക്ഷൻ ഓഫീസർ

പകർപ്പ്.
1.ബഹു.വിനോദസഞ്ചാര വകപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
2.വിനോദസഞ്ചാര വകുപ്പ് സെക്രട്ടറിയുടെ സി.എയ്ക്ക്
3.വിനോദസഞ്ചാര വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എയ്ക്ക്.